(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിന് പ്രത്യകിച്ച് ജീവശാസ്ത്രപരമായ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് നമ്പർ 40/2003/വനം തീയതി 24-1-2003 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷികളെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിന് നടപടി

*13 [801] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത പക്ഷികളും മൃഗങ്ങളും ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇവയുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എന്തെല്ലാം നൂതന പരിപാടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) സംരക്ഷിത പക്ഷികളേയും മൃഗങ്ങളേയും വളർത്തുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുമോ;

(ഇ) ഈ പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) രണ്ട് ദേശീയോദ്യാനങ്ങളടക്കം 14 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

1. പറമ്പിക്കുളം വന്യമൃഗ സങ്കേതം
2. നെയ്യാർ വന്യമൃഗ സങ്കേതം
3. വയനാട് വന്യമൃഗ സങ്കേതം
4. ഇരവികുളം ദേശീയോദ്യാനം
5. പെരിയാർ ടൈഗർ റിസർവ്വ് (തേക്കടി)
6. സൈലന്റ് വാലി ദേശീയോദ്യാനം
7. ഇടുക്കി വന്യമൃഗ സങ്കേതം
8. പീച്ചി-വാഴാനി വന്യമൃഗ സങ്കേതം
9. പേപ്പാറ വന്യമൃഗ സങ്കേതം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10. ശെന്തുരുണി വന്യമൃഗ സങ്കേതം
11. ചിമ്മിനി വന്യമൃഗ സങ്കേതം
12. ആറളം വന്യമൃഗ സങ്കേതം
13. ചിറ്റാർ വന്യമൃഗ സങ്കേതം
14. തട്ടേക്കാട് പക്ഷി സങ്കേതം.

സംരക്ഷിത മേഖലകളായ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും വംശനാശം സംഭവിക്കാവുന്ന സസ്യങ്ങളേയും പക്ഷികളേയും ജന്തുക്കളേയും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുക എന്നതാണ് പ്രധാന പ്രവർത്തനം.

(ബി) വംശനാശം നേരിടുന്ന പ്രധാന പക്ഷിമൃഗാദികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

പക്ഷികൾ: മലമുഴക്കി വേഴാമ്പൽ, നീലഗിരിവുഡ്, പീജിയോൺ, പെരിഗ്രിൻ, ഫാൽക്കൻ, ജോർതില്ലോർ, നൈറ്റ് ജാർ.

മൃഗങ്ങൾ: ആന, കടുവ, പുലി, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാർട്ടിൻ, നീർനായ, കാട്ടുപൂച്ച, തളുങ്ക്, മലയണ്ണാൻ, ചാമ്പൻ മലയണ്ണാൻ, കൂടാതെ ഉരഗങ്ങളായ ചീങ്കണ്ണി, ഉടുമ്പ്, കടലാമകൾ, മലമ്പാമ്പ്, രാജവെമ്പാല എന്നിവയും വംശനാശ ഭീഷണി നേരിടുന്നവയാണ്.

(സി) വംശനാശ ഭീഷണി നേരിടുന്ന പക്ഷിമൃഗാദികളുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി പ്രത്യേക ആവാസവ്യവസ്ഥ, പരിപാലന പദ്ധതികൾ, മനുഷ്യരുടെ കാട്ടിലേക്കുള്ള കടന്നുകയറ്റം തടയൽ, രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കൽ, ഇക്കോ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് ജനപങ്കാളിത്തം ഉറപ്പുവരുത്തൽ, പ്രകൃതിസംരക്ഷണ അവബോധ പരിപാടികൾ, ഗവേഷണ പഠനങ്ങൾ നടത്തൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

പ്രോജക്ട് ടൈഗർ, ബയോളജിക്കൽ റിസർവ്വുകളുടെ സംരക്ഷണം, പ്രോജക്ട് എലിഫന്റ് എന്നീ ദേശീയ സംരക്ഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ഡി) വന്യജീവി (സംരക്ഷണം) ഭേദഗതി നിയമം, 2003 പ്രകാരം ലൈസൻസ് സമ്പ്രദായം നിലവിലുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ന്യായവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ നടപടി

*14 [802] ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly